# അക്കാദമിക് മാസ്റ്റർപ്ലാൻ

# 2025-2026






# N S S G L P S ഏഴാച്ചേരി.

രാമപുരം ഗ്രാമപഞ്ചായത്തിലെ പ്രകൃതിരമണീയമായ ഏഴാച്ചേരിത്തോട്ടിന്റെ കരയിൽ സ്ഥിതിചെയ്യുന്ന എൻ. എസ്. എസ് ഗവ. എൽ പി സ്കൂൾ. ഏഴാച്ചേരി ഗ്രാമത്തിന്റെ അഭിമാനസ്തംഭമായി ഇന്ന് നിലകൊള്ളുന്നു. ഈ പ്രദേശത്തിന്റെ സാമൂഹികവും, സാംസ്കാരികവും, വിദ്യാഭ്യാസ പരവുമായ മേഖലകളിൽ നിർണ്ണായക പങ്ക് വഹിക്കുവാൻ എൻ. എസ്. എസ് ഗവ. എൽ പി സ്കൂളിന് ഇന്ന് സാധിക്കുന്നുണ്ട്.

1926- ൽ സ്ഥാപിതമായ ഈ സ്കൂൾ എൻ. എസ്. എസ് - ൽ നിന്ന് 1976-ൽ സർക്കാർ ഏറ്റെടുത്തു.

N.S.S.G.L.P. SCHOOL
GOVERNMENT
★ EZHACHERRY ★

# ആമുഖം.

1926-ൽ NSS ന്റെ കീഴിൽ ആരംഭിച്ച ഈ സ്കൂൾ 1976-ൽ സർക്കാർ ഏറ്റെടുത്തു. കാലോചിതമായി പരിഷ്കാരങ്ങൾ വരുത്തിയ ഈ വിദ്യാലയത്തിൽ നിലവിൽ സ്ഥിരജീവനക്കാരായി 4 അധ്യാപകരും ഒരു PTCM-ഉം ആണുള്ളത്. 2016-ൽ കൂടാതെ പ്രീ പ്രൈമറി ആരംഭിച്ചു. നിലവിൽ 1 മുതൽ 4 വരെ ക്ലാസിൽ 54 കുട്ടികളും പ്രീ പ്രൈമറിയിൽ 20 കുട്ടികളും അധ്യയനം നടത്തുന്നു. പ്രീ പ്രൈമറിയിൽ 2 അധ്യാപകരും 1 ആയയും നിലവിലുണ്ട്.

സർവ്വശിക്ഷാ അഭിയാൻ നൽകിയ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച രണ്ട് പുതിയ കെട്ടിടങ്ങളിലാണ് ഇപ്പോൾ സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ടൈൽ പാകി മനോഹരമാക്കിയ തറ, വായു സഞ്ചാരവും വെളിച്ചവും ഉള്ള ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ഇന്റർനെറ്റ് സൗകര്യങ്ങൾ, projector തുടങ്ങി ആധുനിക സൗകര്യങ്ങളുള്ള പഠനാന്തരീക്ഷമാണ് ഈ സ്കൂളിൽ ഉള്ളത്. മഴവെള്ള സംഭരണി, പഞ്ചായത്ത് Water connection, കിണർ എന്നിവ ശുദ്ധജല ആവശ്യത്തിനായി ഉണ്ട്. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്ത് P.T.A, SMC, SSG, SDC സന്നദ്ധസംഘടനകൾ

എന്നിവരുടെ സഹായ സഹകരണങ്ങൾ ലഭിക്കുന്നു. 2022-23 അധ്യയനവർഷം മുതൽ തുടർച്ചയായി LSS പരീക്ഷയിൽ മികച്ച വിജയവും കലോത്സവത്തിന് ഒന്നും രണ്ടും സ്ഥാനങ്ങളും ലഭിച്ചുവരുന്നു. കൂടാതെ രാമപുരത്ത് വാര്യർ വഞ്ചിപ്പാട്ട് മത്സരത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ കഴിഞ്ഞ വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്നു.- കൂടാതെ ശാസ്ത്രോത്സവം, work Experience എന്നിവയിലും, വിദ്യാരംഗം കലാസാഹിത്യവേദി, തുടങ്ങിയവയിലും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്.

രാമപുരം ഗ്രാമപഞ്ചായത്ത് സഹകരണങ്ങൾ

PTA president ഉം ഗ്രാമപഞ്ചായത്ത് മെമ്പറും, ward മെമ്പറും പഞ്ചായത്തും ചേർന്ന് സ്കൂളിൽ ധാരാളം ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കിത്തരുന്നു. മനോഹരമായ ചുറ്റുമതിൽ, Gril, Roofing, ടൈൽ പാകിയ തറ, Rail, എന്നിവയും വലിയ ഒരു Toilet സൗകര്യവും സ്കൂളിന് നൽകി. കൂടാതെ എല്ലാ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകി വരുന്നു.

SSK ഫണ്ടുപയോഗിച്ച് പഠനോപകരണങ്ങൾ വാങ്ങിക്കുകയും, ചെയ്തു വരുന്നു.

# കാഴ്ചപ്പാട്

- കൂട്ടാച്ചേരി പ്രദേശത്തെ കുട്ടികളുടെ സർഗ്ഗാത്മകവും, ഭൗതികവുമായ സമഗ്രവികാസം.
- സമൂഹത്തിന് ഗുണകരമായ രീതിയിലുള്ള വികസനത്തിനുള്ള അടിസ്ഥാനം ഒരുക്കുക.
- രക്ഷകർതൃബോധവൽക്കരണത്തിലൂടെ വിദ്യാഭ്യാസരംഗത്ത് പുതിയ അവബോധം സൃഷ്ടിക്കുക.
- പ്രാഥമിക വിദ്യാഭ്യാസരംഗത്ത് നിലവാരമുള്ളതും, ഗുണപരവുമായ അധ്യയനം ലഭ്യമാക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമായി സ്കൂളിനെ മാറ്റുക.
- ആധുനിക സാങ്കേതിക സങ്കേതങ്ങളുടെ സഹായത്തോടെ കാലാനുസൃതമായ ഏറ്റവും മികച്ച അധ്യയനം ലഭ്യമാക്കുക.
- സമത്വബോധാധിഷ്ഠിതമായുള്ള ബോധനരീതി നൽകുക.
- പരിസ്ഥിതി സംരക്ഷണപ്രാധാന്യം ബോധ്യപ്പെടുത്തുന്ന പഠനരീതി നൽകുക.
- ദേശീയബോധം, മതേതരത്വം, ജനാധിപത്യം, സഹകരണബോധം, സമൂഹത്തെക്കുറിച്ച് നേരായ അവബോധം സ്വാശ്രയശേഷി തുടങ്ങിയ മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകുക.
- ആരോഗ്യപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തിക്കൊണ്ട് 'എല്ലാകുട്ടികൾക്കും ആരോഗ്യം' എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് പ്രയോജനകരമായ പരിപാടി നടപ്പിലാക്കുക.

- കുട്ടികൾക്ക് ആരോഗ്യവിദഗ്ധരുടെ സേവനം ലഭ്യമാക്കുക.
- എടച്ചേരി ഗ്രാമത്തിലെ എല്ലാ പൊതുസ്ഥാപനങ്ങളും, കുട്ടികളെ പരിചയപ്പെടുത്തൽ.

## പ്രവർത്തനങ്ങൾ

- കുട്ടികളുടെ മാനസിക സ്വാതന്ത്ര്യം അംഗീകരിച്ചു കൊണ്ടുള്ള ഭയരഹിതമായ മനോനില സംരക്ഷിച്ചുകൊണ്ടുള്ള ശിശുസൗഹൃദമായ പഠനരീതികൾ നല്കുന്നു.
- കുട്ടികളുടെ താല്പര്യത്തിനും ശേഷികൾ പരിഗണിച്ചുകൊണ്ടുള്ള ബോധനരീതികൾ നടത്തുന്നു.
- വ്യവസ്ഥാപിതമായ പരീക്ഷകൾക്കപ്പുറം നിരന്തരവും സമഗ്രവുമായ മൂല്യനിർണയരീതികൾ ആവിഷ്കരിക്കുന്നു.
    - ★ ഭവനസന്ദർശനം
    - ★ മാതാപിതാക്കളുമായി ഇടപെടൽ
    - ★ വ്യക്തിപഠനം [case study].

വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് വിപണനത്തിനെതിരെ കുട്ടികളിലും രക്ഷിതാക്കളിലും അവബോധം വളർത്തുന്നു.

പ്രകൃതി സംരക്ഷണ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന ബോധനരീതികൾ ആവിഷ്കരിക്കുന്നു.

പാർശ്വവത്കരിക്കപ്പെട്ടവരുടെ കുടുംബാന്തരീക്ഷം സാമൂഹിക അന്തരീക്ഷവും പഠിച്ച് വിദ്യാലയത്തിൽ നിന്ന്

ആത്മവിശ്വാസവും അഭിമാനബോധവും വളർത്തുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നു.

- ന്യൂനതകൾ മാനസികമായി തളർത്താത്ത വിധത്തിലുള്ള വിദ്യാഭ്യാസരീതി വിഭാവനം ചെയ്യുന്നു.
- രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച അവബോധം നൽകുന്നു.
- കാലാനുസൃതമായ ശേഷി കൈവരിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നതിന് മാതാപിതാക്കളുടെ വിദ്യാഭ്യാസ അക്കാദമിക ബോധം ഉയർത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കുന്നു.
    - പരിശീലനങ്ങൾ
    - വെബിനാറുകൾ
    - ബോധവത്ക്കരണക്ലാസുകൾ
- ഉത്തമ പൗരസമൂഹത്തെ സൃഷ്ടിക്കുക എന്ന വലിയ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നത് വിദ്യാലയങ്ങളിലൂടെയാണ്. അതിനനുസൃതമായി ബൗദ്ധികശേഷിയുള്ളവരായി അധ്യാപകരെ മാറ്റുന്നു.
- വ്യത്യസ്ത മാനസിക വൈകാരികനിലയുള്ള കുട്ടികളെ പൊതുലക്ഷ്യത്തിലേക്ക് എത്തിക്കുന്ന നിരന്തര ബോധനരീതികൾ ആവിഷ്കരിക്കുന്നു.

## പ്രശ്നങ്ങളും പരിമിതികളും.

### ആകർഷകമായ ഭൗതികസാഹചര്യങ്ങളുടെ അഭാവം

* അഡീഷണൽ ക്ലാസ് റൂമുകൾ
* Office room.
* Pre primary ക്ക് അംഗീകാരം നൽകുക.
* ഡൈനിംഗ് ഹാളും & വാഷ് ഏരിയ
* ചുറ്റുമതിൽ പൂർത്തീകരിക്കുക.
* ഗതാഗത സൗകര്യം.
* സ്കൂളിന് മുൻപിലൂടെയുള്ള ബസ് സർവ്വീസ് പുനരാരംഭിക്കുക- [കുടക്കച്ചിറ – Pala]
* പെയിന്റിംഗ്.
* Smart classroom. (with a/c)
* Lap Top.

### Special Teachers ന്റെ അഭാവം.

* Art.
* Craft.
* കായികപരിശീലനം
* IT etc.
* ആധുനിക ലൈബ്രറി സംവിധാനങ്ങൾ – പുസ്തകങ്ങൾ എന്നിവയുടെ അഭാവം.

## അക്കാദമിക പരിമിതികൾ

* Computer lab.
* Smart class room.
* ഗണിത Lab.
* Scrence Expenmet items and rooms.
* Furniture [ baby chair & table - TV
* Stage, curtain, mikeset, Speaker
* ഷെൽഫുകൾ, അലമാരകൾ, കസേരകൾ
* LabTop - projector.
* പരിസരത്തെ അറിയുവാനായി കുട്ടികളെ കൊണ്ടുപോകാൻ Tour package കൾ നടത്തൽ - പണം കണ്ടെത്താൻ

## പൊതുലക്ഷ്യങ്ങൾ

* രാഷ്ട്രത്തിനും സമൂഹത്തിനും ഉത്തമനായ പൗരനെ വാർത്തെടുക്കുന്ന അടിസ്ഥാനം നൽകുക.
* വിദ്യാലയത്തിന്റെ സമഗ്രമായ വികാസം
* എല്ലാ കുട്ടികളും നിർദ്ദിഷ്ടശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നു.
* ഭിന്നനിലവാരക്കാരെ പ്രത്യേകമായി പരിഗണിക്കുന്നു.
* വിദഗ്ധരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തൽ
* കുട്ടികളുടെ വിവിധ നേട്ടങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ
* കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകൽ
* യോഗ ക്ലാസ് ആരംഭിക്കൽ.
* ടാലന്റ് Lab രൂപീകരണം.
* രാഷ്ട്രത്തിന്റെ വൈവിധ്യത്തെ ബഹുമാനിക്കുന്ന
* മനോഭാവം വളർത്തിയെടുക്കുക.
* ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ - ക്യാമ്പസിനെ പാഠപുസ്തകമാക്കൽ
* പാഠ്യേതരപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ.
* English വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു.
  [Development of Communication Skill]
* പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മകൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നു

# അക്കാദമിക പ്രവർത്തനങ്ങൾ

ലക്ഷ്യങ്ങൾ

* ICT സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള അധ്യയനം
* Special Teachers ന്റെ സേവനം.
* കലാകായിക വിദ്യാഭ്യാസത്തിൽ വിദഗ്ധരായ അധ്യാപകരുടെ സേവനം ഉറപ്പാക്കുക.
* ക്ലാസ് ലൈബ്രറി സ്ഥാപിക്കൽ
* ക്ലാസ് നിലവാരം, പഠനനേട്ടം എന്നിവ ~~പരിശോധിച്ച്~~ പരിഗണിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.
* Talent Group കളുടെ രൂപീകരണം, ചുമതലാവിഭജനം.
* ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം [പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം, ജൈവവേലി, ശലഭോദ്യാനം, കുളം]
* ശുചിത്വബോധ പ്രവർത്തനങ്ങൾ.
* മാലിന്യസംസ്കരണം: Ring കുഴി, ജൈവ-പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം
* SSS account – കുട്ടികളിൽ സമ്പാദ്യശീലം വളർത്താൻ എല്ലാ കുട്ടികളും SSS account തുടങ്ങി.
* കരാട്ടേ class.
* യോഗ class.
* ദിനാചരണങ്ങൾ

CWSN കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ

പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ

★ മലയാളത്തിളക്കം.

★ അക്ഷരമുറ്റം [malayalam, English].

★ മണലിലെഴുത്ത് - മണലിൽ അക്ഷരങ്ങൾ എഴുതിക്കുന്നു.

★ വായനാ കാർഡുകൾ

★ Peer Group teaching.

★ പഴയ പുസ്തകങ്ങളിലെ അക്ഷരങ്ങൾ വായിപ്പിക്കുന്നു.

★ പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലന module തയ്യാറാക്കുന്നു.

★ സാധനസംയുക്തമായുള്ള അധ്യയനരീതി അവലംബിക്കുന്നു.

★ ~~[illegible]~~ വായനച്ചങ്ങാത്തം.

## മറ്റു പ്രവർത്തനങ്ങൾ

* കണ്ടുപിടുത്തങ്ങളുടെ കാലഘട്ടത്തിൽ കുട്ടികൾക്ക് പ്രചോദനം നൽകുന്നതിനായി 3, 4 ക്ലാസുകളിലെ കുട്ടികൾക്ക് എല്ലാ ചൊവ്വാഴ്ചകളിലും സ്വന്തം പരീക്ഷണങ്ങൾ കണ്ടെത്തി ചെയ്യുന്നു.
* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾക്ക് group അടിസ്ഥാനത്തിൽ നേതൃത്വം നൽകി എല്ലാ വെള്ളിയാഴ്ചകളിലും നടത്തുന്നു.
* കുട്ടികളെ സമീപത്തുള്ള പൂക്കളെ അറിയാൻ കുട്ടികളെ സന്ദർശനത്തിന് വിടുന്നു. [ജൈവവൈവിധ്യ പാർക്ക്].
* സമീപത്തുള്ള വീടുകൾ സന്ദർശനം നടത്തുന്നു.
* Post office, വായനശാല, Village office, പഞ്ചായത്ത് office ഇവ സന്ദർശിക്കുന്നു.
* കൂടാതെ പഠനയാത്രകൾ നടത്തുന്നു.

# പ്രവർത്തന വിശദാംശം

ഉടൻ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിശദാംശം

* പഞ്ചായത്തിന്റെ സാമ്പത്തിക സഹായങ്ങളോടെയുള്ള ഭൗതിക സൗകര്യങ്ങളുടെ വികസനം.
* ലൈബ്രറി വികസനം : പിറന്നാൾ പുസ്തകങ്ങൾ ശേഖരണം. വായനാദിനത്തിൽ പുസ്തകങ്ങൾ ശേഖരിക്കൽ, Library യുമായി സഹകരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ, MLA ഫണ്ട് ഉപയോഗിച്ച് പുസ്തകങ്ങൾ വാങ്ങൽ.
* കൗൺസിലിങ് : BRC, CRC സന്നദ്ധ സംഘടനകൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ
* ആരോഗ്യപ്രവർത്തകരുടെ സേവനം ലഭ്യമാക്കൽ. അയൺ ഗുളിക, വിരഗുളിക, മന്ത്നിവാരണ ഗുളികകൾ ബോധവൽക്കരണ ക്ലാസുകൾ ഇവ നൽകി വരുന്നു.
* ജൈവവൈവിധ്യ ഉദ്യാനം :- ക്യാമ്പസ് ഒരു പാഠപുസ്ത മാതൃക എന്ന ലക്ഷ്യത്തോടുകൂടി സ്കൂളിൽ ആരംഭിച്ച ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം കൂടുതൽ വിപുലപ്പെടുത്താൻ ലക്ഷ്യമിടുന്നു.
* പച്ചക്കറിത്തോട്ടം നടപ്പിലാക്കാൻ plan ചെയ്യുന്നു.
* കായിക പരിശീലനം നടത്താൻ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നു.

* Modern Technology വഴി Reels ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

* വിവിധ വിഷയങ്ങളെ ആസ്പദമാക്കി വെബിനാറുകൾ നടത്തുന്നു.

* മധുരം കൂടുതൽ കഴിക്കുന്നതു വഴി കുട്ടികൾക്കുണ്ടാകുന്ന Sugar നിയന്ത്രിക്കാൻ വിറ്റാമിന് പച്ചക്കറികളെ, പഴവർഗ്ഗങ്ങളെ, വിതരണം ചെയ്യുന്നു.

* ബോധവൽക്കരണത്തിനായി Sugar Board, പുകവലി, മയക്കുമരുന്ന് ഇവയ്ക്കെതിരെ ഉള്ള ബോർഡുകൾ ഇവ സ്കൂളിൽ സ്ഥാപിച്ചിട്ടുണ്ട്.

* പഴയകാല Radio പരിപാടികൾ കാണിക്കുന്നു.

പഴയകാല നാണയങ്ങൾ, Stamp, പാത്രങ്ങൾ, കൃഷി ഉപകരണങ്ങളുടെ പ്രദർശനങ്ങൾ ഇവ നടത്തി വരുന്നു.

Food Fest, മില്ലറ്റുകൾ കൊണ്ടുള്ള ഭക്ഷണ പദാർത്ഥ പ്രദർശനം.

വിവിധതരം പൂക്കൾ പ്രദർശനങ്ങൾ ഇവ നടത്തി വരുന്നു.

## ആഘോഷങ്ങൾ

പ്രവേശനോത്സവം - പ്രവേശനോത്സവം ഉത്സവമാക്കി മാറ്റുന്നു. ദീപം തെളിയിക്കൽ, മധുരപലഹാരവിതരണം, പഠനോപകരണങ്ങൾ നൽകൽ - സദ്യ എന്നിവയോടെ കെങ്കേമമാക്കുന്നു.

വായനദിനം - വായനദിനം കെങ്കേമമായി ആഘോഷിക്കുന്നു. വിവിധ ദിനങ്ങളിൽ പല പരിപാടികൾ നടത്തിവരുന്നു. വായനദിനത്തിൽ ഏഴാച്ചേരി രാമചന്ദ്രൻ സ്കൂളിൽ എത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു.

നാടകക്കളരി - അഭിനയ സാധ്യതകളെ ഉണർത്താനായി അഭിഷിന്റെ നേതൃത്വത്തിൽ നാടകപരിശീലനം നടത്തി.

ഓണാഘോഷം - പിള്ളേരോണം മുതൽ ഓണം ആഘോഷിക്കുന്നു. രക്ഷിതാക്കളും കുട്ടികളും ചേർന്ന് ഓണം കെങ്കേമമാക്കുന്നു.

ക്രിസ്മസ് - പുൽക്കൂട് നിർമ്മിച്ചും, കേക്കമുറിച്ചും അലങ്കാരങ്ങൾ നടത്തിയും ക്രിസ്മസ് ആഘോഷിക്കുന്നു.

വിജയദിനാഘോഷം - കലോത്സവത്തിൽ Overall നേടിയതിന് വിജയദിനാഘോഷം നടത്തി.

ആനുവൽ ഡേ - ആനുവൽ ഡേ മനോഹരമായി നടത്തുന്നു.

അക്കാദമിക നിലവാരമുയർത്താൻ വിഷയാടിസ്ഥാനത്തിൽ നല്കുന്ന പ്രവർത്തനങ്ങളും, ലക്ഷ്യങ്ങളും.

## മലയാളം

### ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.
- അക്ഷര സ്ഫുടതയോടെയുള്ള ഉച്ചാരണം.
- സ്വതന്ത്രമായി എഴുതുവാനും, വായിക്കുവാനുമുള്ള ശേഷി.
- ആശയ വ്യക്തതയോടെയുള്ള സംസാരം.
- സാഹിത്യാഭിരുചിയും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിക്കുക.
- 'മലയാളത്തിളക്കം' പരിപാടി തുടർപ്രവർത്തനമായി മുന്നോട്ട് കൊണ്ടുപോവുക.
- 'വ്യാകരണത്തെക്കുറിച്ചുള്ള അടിസ്ഥാനബോധം വളർത്തുക.
- "വായനച്ചങ്ങാത്തം" വായനാ പരിപോഷണപ്രവർത്തനം ഊർജ്ജിതമായി നടപ്പിലാക്കുക.

### പ്രവർത്തനങ്ങൾ

- അവശ്യപൂർവ്വ പ്രാപ്തികൾ അളക്കാൻ പ്രീ-ടെസ്റ്റ് നടത്തുന്നു.
- ക്ലാസ്സിൽ വായനാമൂല സജ്ജീകരിക്കുന്നു.

- പതിപ്പുകൾ, പ്രാദേശിക പത്രനിർമ്മാണം, വായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു.
- ദിനാചരണങ്ങൾ.
- പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം (മലയാളത്തിളക്കം).
- സ്വതന്ത്ര ഭാഷണത്തിന് അവസരം നൽകുന്നു.
- പത്രവായന പ്രോത്സാഹിപ്പിക്കുന്നു.
- പഠന പുരോഗതി നിരന്തരവും സമഗ്രവുമായി വിലയിരുത്തുന്നു. (പോസ്റ്റ് ടെസ്റ്റ്).
- വായനാക്കുറിപ്പ് തയ്യാറാക്കുന്നു.
- ഡയറി എഴുത്ത് പ്രോത്സാഹിപ്പിക്കുന്നു.
- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടു പോകുന്നു.
- സ്വതന്ത്ര രചനകൾക്ക് അവസരം, പ്രോത്സാഹനം നൽകുന്നു.

പ്രവർത്തന കലണ്ടർ

ജൂൺ : ക്ലബ്ബ് (വിദ്യാരംഗം) രൂപീകരണം, ചുമതലാ വിഭജനം.

എല്ലാ ദിവസവും നൽകാവുന്ന പ്രവർത്തനങ്ങൾ

പത്രവായന, ഡയറി എഴുത്ത്, പുസ്തകവായന, ബാല പ്രസിദ്ധീകരണങ്ങൾ വായിക്കുക, റേഡിയോ ശ്രവണം, കഥ കേൾക്കൽ, കവിത ആസ്വാദനം.

## ആഴ്ചയിൽ നൽകാവുന്ന പ്രവർത്തനങ്ങൾ

വായനാക്കുറിപ്പ്, കടങ്കഥ, ക്വിസ്, ബാലസഭ, പ്രസംഗം സ്കൂൾ അസംബ്ലിയിൽ, വായിച്ചതിനെ അടിസ്ഥാനമാക്കി ചിത്രരചന.

## എല്ലാമാസവും നടത്തുന്ന പ്രവർത്തനങ്ങൾ.

- പതിപ്പുകൾ
- കൈയെഴുത്തു മാസിക.
- പ്രാദേശിക വാർത്തകൾ ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ.
- യൂണിറ്റ് ടെസ്റ്റ്.
- വർക്ക് ഷീറ്റ്.
- ശില്പശാലകൾ.
- ജന്മദിന പുസ്തക ശേഖരണം.
- വായനാപതിപ്പുകൾ തയ്യാറാക്കൽ
- ലൈബ്രറി പുസ്തക സമാഹരണം.

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

- ഒഴുക്കോടെ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കൽ.
- പദസമ്പത്ത് വികസിപ്പിക്കൽ.
- ഇംഗ്ലീഷിലൂടെ ആശയ വിനിമയം.
- സർഗാത്മക പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുക. (കഥ, കവിത, റോൾ പ്ലേ etc)
- ഗ്രാമറിൽ അടിസ്ഥാനമിടൽ.
- റീഡിങ് കാർഡുകൾ വായന, എഴുത്ത്.
- ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കൽ.
- പരിമിതിയുള്ള കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുക.
- ഭാഷാ പ്രയോഗത്തിന് കൂടുതൽ അവസരമൊരുക്കുക.
- E Cube English language classes, Orientation classes, Motivation classes, spoken English classes

### പ്രവർത്തനങ്ങൾ

- പ്രീ ടെസ്റ്റ് നടത്തുന്നു.
- അക്ഷര കാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.

- വാക്യങ്ങൾ സ്വയം രൂപീകരിക്കുന്നു.
- കുട്ടികളുടെ പേരുകൾ English-ൽ എഴുതി പ്രദർശിപ്പിക്കുന്നു.
- സ്കൂളിലെ എല്ലാ ഉപകരണങ്ങളുടെയും പേരുകൾ ഇംഗ്ലീഷിൽ എഴുതി ഒട്ടിക്കുന്നു.
- വിവിധ നിറങ്ങളുടെ പേരുകൾ ഇംഗ്ലീഷിൽ പ്രദർശിപ്പിക്കുന്നു.
- ഇംഗ്ലീഷ് അസംബ്ലി. [News, Pledge, Prayer, story telling, thought for the day, role play etc].
- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് ലൈബ്രറി ബുക്കുകൾ വായനക്കായി നൽകുന്നു.
- പാഠപുസ്തകത്തിലുള്ള പുതിയ പദങ്ങളുടെ അർത്ഥം ഡിക്ഷ്ണറി നോക്കി കണ്ടെത്തുന്നു.
- Self Introduction – സ്കൂൾ അസംബ്ലിയിൽ.
- English class-ൽ ഇംഗ്ലീഷിൽത്തന്നെയുള്ള ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നു.
- ഗ്രാമറിൽ അടിസ്ഥാന ശേഷികൾ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- English പത്രവായന പ്രോത്സാഹിപ്പിക്കുന്നു.
- ഇംഗ്ലീഷ് - മലയാളം നിഘണ്ടു നിർമ്മാണം നടത്തുന്നു.
- Capsule dictionary.

- ICT-യുടെ ഉപയോഗം, കുട്ടികൾ സ്വയം പ്രവർത്തനങ്ങൾ ചെയ്യുന്നു.
- വിദ്യാഭ്യാസ സംബന്ധിയായ TV ചാനലുകൾ കാണുവാനും, ശ്രവിക്കുവാനും അവസരം നൽകുന്നു.
- ഇംഗ്ലീഷ് കാർട്ടൂണുകളിലെ സംഭാഷണം ശ്രദ്ധിക്കാൻ അവസരം നൽകുന്നു.

## പ്രവർത്തന കലണ്ടർ

**ജൂൺ** : ഇംഗ്ലീഷ് club രൂപീകരണം. ചുമതലാ വിഭജനം.

* Science club
* Maths club
* വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം
* കലോത്സവം
* ശാസ്ത്രോത്സവം
* LSS Charge
* PTA / SMC.
* SRG കൺവീനർ
* Health club. ചുമതലാ വിഭജനം നൽകുന്നു.

എല്ലാ ദിവസവും നടക്കുന്ന പ്രവർത്തനങ്ങൾ

Assembly – വാർത്തവായന – Exercise – കുഞ്ഞിച്ചൊല്ലും etc.

ഫ്ലാഷ് കാർഡുകൾ ഉപയോഗിച്ച് പുതിയ പദങ്ങൾ രൂപീകരിച്ച് അർത്ഥം കണ്ടെത്തുന്നു.

പുസ്തക സംബന്ധിയായ പ്രവർത്തനം

School Assembly യിൽ poem, speech news reading roleplay Self Introduction etc.

എല്ലാ ആഴ്ചയിലും നടക്കുന്ന പ്രവർത്തനങ്ങൾ.

തുടർ പ്രവർത്തനങ്ങൾ – ദിവസവും ചെയ്യുന്നതിന്റെ

പുസ്തകവായന. – പദശേഖരം. – നിഘണ്ടു നിർമ്മാണം using ICT.

ക്ലബ്ബ് വഴി നടത്താവുന്ന പ്രവർത്തനങ്ങൾ

* English Club വഴി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
* Script ന് അനുസൃതമായി role play ~~&~~ drama
* Small Interview.
* English Speaking.

## ഗണിതം

ലക്ഷ്യങ്ങൾ -

* സംഖ്യാബോധം വളർത്തൽ
* പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.
* ചതുഷ്ക്രിയകൾ സ്വായത്തമാക്കൽ
* പാറ്റേണുകൾ രൂപീകരിക്കുക.
* കളികളിലൂടെ ഗണിതക്രിയകൾ സ്വായത്തമാക്കൽ
* ഗണിത ക്ലബ്ബ് പ്രവർത്തനം വിദ്യാലയത്തിൽ മുന്നോട്ട് കൊണ്ടുപോവുക.
* ഗണിതാഭിരുചി വളർത്തുന്നതിനാവശ്യമായ അധിക പ്രവർത്തനങ്ങൾ നൽകൽ [കുസൃതിക്കണക്കുകൾ, മാന്ത്രിക ചതുരം, പാറ്റേണുകൾ etc]
* ICT സാങ്കേതികവിദ്യകൾ കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള അധ്യയനം.
* ഗണിതലാബ് രൂപീകരണം.

## പ്രവർത്തനങ്ങൾ

* സാധന സംഖ്യകൾ വഴി സംഖ്യാബോധം വളർത്തുന്നു.
* സംഖ്യാകാർഡുകൾ നിർമ്മിക്കുന്നു.

---

* അബാക്കസ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ
* സങ്കലനപ്പട്ടിക രൂപീകരിക്കൽ
* സങ്കലന, വ്യവകലന പ്രശ്നങ്ങൾ, നിർധാരണം ചെയ്യൽ.
* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* ഗുണനവസ്തുതകൾ രൂപീകരിക്കുന്നു.
* ഗുണന - ഹരണ പ്രശ്നങ്ങൾ സംബന്ധിയായ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* Ubundu ഉപയോഗം
* പാറ്റേണുകൾ രൂപീകരിക്കൽ
* Library book-കൾ വായിക്കാൻ അവസരം ലഭിക്കുന്നു.
* അളവ് തൂക്കം, എന്നിവയെക്കുറിച്ചുള്ള അടിസ്ഥാനപരമായ ധാരണകൾ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു

## പ്രവർത്തനകലണ്ടർ

ജൂൺ - ഗണിതക്ലബ് രൂപീകരണവും, പുതിയ വിഭജനവും

* എല്ലാ ദിവസവും നടത്തുന്ന പ്രവർത്തനങ്ങൾ.
* സംഖ്യാബോധം വളർത്തുന്ന പ്രവർത്തനങ്ങൾ
* പുസ്തക സംബന്ധിയായ പ്രവർത്തനങ്ങൾ

എല്ലാ ആഴ്ചയിലും നടക്കുന്ന പ്രവർത്തനങ്ങൾ

* പുസ്തക സംബന്ധിയായ അധിക പ്രവർത്തനങ്ങൾ.
* Computer ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ [ICT]

എല്ലാ മാസവും നടക്കുന്ന പ്രവർത്തനങ്ങൾ

* ഗണിതശാസ്ത്രക്വിസ്.
* കണക്കിലെ കളികൾ
* ഗണിതവുമായി ബന്ധപ്പെട്ട പുസ്തകവായന
* ഗണിതക്ലബുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
* സ്കൂൾ അസംബ്ലിയിൽ ലോകപ്രശസ്ത ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ.
* ശാസ്ത്രമേളയിൽ Maths ഭാഗത്തിൽ കുട്ടികൾ തന്നെ തയ്യാറാക്കിയത് മത്സരത്തിന് പ്രദർശിപ്പിക്കുന്നു.

## പരിസര പഠനം

* തന്റെ ചുറ്റുപാടുകളെ കുറിച്ചുള്ള ശരിയായ അവബോധം വളർത്തൽ
* പ്രകൃതിയെക്കുറിച്ചുള്ള അറിവ്.
* സ്കൂൾ ഒരു സാമൂഹ്യസ്ഥാപനമാണെന്ന തിരിച്ചറിവ്
* ശാസ്ത്രബോധം വളർത്തൽ
* മൂല്യബോധമുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കൽ
* School Campus ഒരു പാഠപുസ്തകം.
* ആധുനിക വിവരസാങ്കേതിക വിദ്യകൾ ഏതെല്ലാം? എന്തിന്? എങ്ങനെ അവ പ്രയോജനപ്പെടുന്നു.
* ദൈനംദിന കാര്യങ്ങളെക്കുറിച്ച് ശരിയായ ധാരണ രൂപീകരിക്കൽ.
* ദേശസ്നേഹം വളർത്തൽ
* വർത്തമാനകാല സാമൂഹ്യസംഭവങ്ങളെക്കുറിച്ചുള്ള അറിവ്.
* Biodiversity Register.
* പഠിക്കുന്ന നിരീക്ഷണങ്ങളിലൂടെ കണ്ടെത്തൽ നടത്തുക.

## പ്രവർത്തനങ്ങൾ

Class room നും പുറത്തേക്ക്, ചുററുപാടിനെ അറിഞ്ഞുകൊണ്ട്, പ്രവൃത്തിയിലൂടെയുള്ള പഠനരീതി സ്വീകരിക്കുന്നു.

പൊതുസ്ഥാപനമായ വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണ നല്കുന്ന പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു.

ലഘുപരീക്ഷണങ്ങൾ

പഠനോപകരണ നിർമ്മാണം

പഠനയാത്രകൾ

ശേഖരണം.

ശാസ്ത്രവാർത്താശേഖരണം.

ICT ഉപയോഗം

Project നൽകൽ

Science Quiz - സംഘടിപ്പിക്കുള്ള.

മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നു.

പരിസരശുചീകരണ പ്രവർത്തനങ്ങൾ

ശാസ്ത്രമേളകളിൽ പങ്കെടുക്കുന്നു. Science Lab സജ്ജീകരണം - ദേശീയബോധവും മൂല്യബോധവും ഉളവാക്കുന്ന വിവിധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# പ്രവർത്തനകലണ്ടർ

ജൂൺ I - Science Club രൂപീകരണം. ചുമതല വിഭജനം.

## എല്ലാ ദിവസവും നല്കുന്ന പ്രവർത്തനങ്ങൾ

* Current affairs അവതരണം.
* G.K ചോദ്യങ്ങൾ assembly യിൽ പൊതുവായി ചോദിക്കുക.
* പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

## എല്ലാ ആഴ്ചയിലും നല്കുന്ന പ്രവർത്തനങ്ങൾ

* ചുറ്റുപാടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ * ICT ഉപയോഗം
* ആഴ്ചയിൽ വരുന്ന പ്രധാനദിനങ്ങൾ ആചരിക്കുന്നു.
* ശാസ്ത്രപുസ്തകങ്ങളുടെ വായന.

## എല്ലാ മാസവും നല്കുന്ന പ്രവർത്തനങ്ങൾ

* Science Lab മായി ബന്ധപ്പെട്ടത്തി പരീക്ഷണങ്ങൾ നല്കുന്നു.
* തുടർ പ്രവർത്തനങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ടത് -
* Project - ശേഖരണം - field Trip - പഠനോപകരണ നിർമ്മാണം.

## വിവിധ പരിശീലനങ്ങൾ

സൂംബാ Dance - കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനായി സൂംബാ ഡാൻസ് കളിപ്പിക്കുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും practice നടത്തുന്നു.

നീന്തൽ പഠനം - കുട്ടികൾക്ക് വളരെ ആവശ്യമുള്ള ഒന്നാണ് നീന്തൽ പഠനം - പഞ്ചായത്ത് വഴി നടത്താൻ തീരുമാനിച്ചു.

കരാട്ടേ പരിശീലനം - കരാട്ടേ പരിശീലനം SSK ആഭിമുഖ്യത്തിൽ നടത്തിവരുന്നു. തുടർപ്രവർത്തനം നടത്തും.

യോഗ പരിശീലനം - കുട്ടികൾക്ക് ആരോഗ്യവും മാനസികാരോഗ്യവും ലഭിക്കുന്നതിനായി യോഗ പരിശീലനം നടത്തി വരുന്നു.

സൈക്ലിംഗ് പരിശീലനം - എല്ലാ കുട്ടികളെയും സൈക്കിൾ സവാരി നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് പരിശീലനത്തിന് അപേക്ഷിച്ചു.

തയ്യൽ പരിശീലനം - കുട്ടികളെ തയ്യൽ പരിശീലനത്തിന് പ്രോത്സാഹിപ്പിക്കുന്നു തുടർ നടപടിക്കായി കാത്തിരിക്കുന്നു.

# ഫണ്ട് സമാഹരണം

| NO | ITEM | SOURCE | Amount. |
|---|---|---|---|
| 1 | ഭൗതികസാഹചര്യങ്ങൾ | രാമപുരം ഗ്രാമപഞ്ചായത്ത് | 50,00,000/- |
| 2 | ലൈബ്രറി | SSA | 50000/- |
| 3 | പഠനോപകരണങ്ങൾ | SSA-പഞ്ചായത്ത് | 15000/- |
| 4 | ദിനാചരണങ്ങൾ | SSA- | 2000/- |
| 5 | പഠനയാത്ര | സ്വയം | 60000/- |
| 6 | ഗണിതലാബ് | SSA | 5000/- |
| 7 | സയൻസ് ലാബ് | SSA | 7000/- |
| 8 | ഉച്ചഭക്ഷണം | പഞ്ചായത്ത് | |
| 9 | ആംബുലൻസ് | SSA | 1,00,000/- |
| 10 | Computer Lab.<br>Smart classroom. | SSA & പഞ്ചായത്ത് | 5000/-<br>5,00,000 |
| 11 | ജൈവവൈവിധ്യ ഉദ്യാനം | SSA & PTA | 20000/- |
| 12 | പച്ചക്കറിത്തോട്ടം. | SSA & PTA. | 20000/- |
| 13 | English club | SSA & PTA | .5000/- |
| 14 | വിദഗ്ധരുടെ സേവനം | PTA, SMC, SSG. | 5000/- |
| 15 | ശില്പശാല | PTA, SMC, SSG | 5000/- |
| 16 | കൗൺസിലിംഗ്. | BRC. | 1000/- |
| 17 | നീന്തൽ പഠനം. | BRC. | 5000/- |
| 18 | തയ്യൽ പഠനം. | BRC | 5000/- |
| 19 | സൈക്ലിംഗ് പഠനം | BRC | 20000/- |
| 20 | കരാട്ടെ. | BRC | 5000/- |
| 21 | യോഗ. | BRC. | 5000/- |
| 22 | കായിക പരിശീലനം | PTA, SMC, SSG. | 10,000/- |

# ഉപസംഹാരം

കേരള സമൂഹത്തിന്റെ പുരോഗമനപരമായ സൃഷ്ടിക്ക് വിദ്യാഭ്യാസമേഖലയെ പരുവപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിക്കൊണ്ട് കേരള സർക്കാർ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം അഭിനന്ദനീയമാണ്. വളരെ വേഗം സമൂഹത്തിന്റെ ചിന്താഗതിയിൽ മൂല്യവത്തായ അവബോധം പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് സന്നിവേശിപ്പിക്കാൻ കഴിയുന്ന ഈ പരിപാടി യാന്ത്രികമാകാതെ ജീവസുറ്റതാക്കി മുന്നോട്ടുപോകുകയെന്നതാണ് നമ്മുടെ ഉത്തരവാദിത്വം. അധ്യാപക - വിദ്യാർത്ഥി - രക്ഷകർത്തൃ - തദ്ദേശ സംയുക്ത പ്രവർത്തനത്തിൽ ബഹുജനപങ്കാളിത്തം കൂടി ഉറപ്പുവരുത്തുക എന്നത് വലിയ കാര്യം തന്നെയാണ്. ആധുനിക സാങ്കേതിക വിദ്യാസങ്കേതങ്ങളുടെ സഹായങ്ങൾ സാധാരണക്കാരന്റെ മക്കൾക്കും പ്രാപ്യമാക്കുകയെന്ന ലക്ഷ്യം കാലാനുസൃതമായി ലോകത്തിനൊപ്പമോ, കാലത്തിനപ്പുറമോ ശേഷിയുള്ളവരാക്കി നമ്മുടെ കുട്ടികളെ മാറ്റിത്തീർക്കും എന്നതിൽ സംശയമില്ല. മാനസികവും, വൈകാരികവും, വൈജ്ഞാനികവും, കലാപരവും, സാമൂഹ്യപരവുമായ ഒട്ടേറെ വിഷയങ്ങളിൽ സൂക്ഷ്മാർത്ഥത്തിൽ ഇടപെടുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ എന്നും വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പമുണ്ടാകുമെന്ന് വാഗ്ദാനം ചെയ്യുന്നു..... നമസ്കാരം --- നന്ദി

N.S.S.G.L.P. SCHOOL GOVERNMENT EZHACHERRY